## പതിനാലാം കേരള നിയമസഭ
## 9-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 734** **24.01.2018 -ൽ മറുപടിയ്ക്ക്**

### തുഷാരഗിരി വിനോദ സഞ്ചാര കേന്ദ്രം

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.ജോർജ്ജ് എം. തോമസ് : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ തുഷാരഗിരി വിനോദ സഞ്ചാര കേന്ദ്രത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ തുഷാരഗിരി വിനോദസഞ്ചാര കേന്ദ്രത്തിന്റെ പദ്ധതികളുടെ ഭാഗമായി അടിസ്ഥാന സൗകര്യം വിനോദസഞ്ചാര വകുപ്പിന്റെ ഗ്രീൻ കാർപ്പറ്റ് പദ്ധതി മുഖേന നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | KEL മുഖാന്തിരം പദ്ധതിയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടിവെള്ള സൗകര്യം , ഇൻഫർമേഷൻ കൗണ്ടർ , മാലിന്യനിർമ്മാർജ്ജന സൗകര്യം, ഭിന്നശേഷിക്കാർക്കുള്ള ശൗചാലയം , സി.സി.ടി.വി. ക്യാമറ നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പദ്ധതിയ്ക്ക് ഭരണാനുമതി എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതി പരിഗണനയിലാണ്. |

Rajesh Pillai

സെക്ഷൻ ഓഫീസർ